# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1381 13/06/2014-ൽ മറുപടിക്ക്

### സാംസ്കാരിക പൈതൃക സംരക്ഷണം

ചോദ്യം

ഉത്തരം

ശ്രീ. എം.പി. വിൻസെന്റ് :
ശ്രീ. എ.പി അബ്ദുള്ളക്കുട്ടി:
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിന്റെ തനത് സാംസ്കാരിക തനിമകൾ സംരക്ഷിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | (എ) | പ്രാചീന സ്മാരകങ്ങളും പുരാവസ്തുസങ്കേതങ്ങളും സംരക്ഷിക്കുന്നതിനും, പുരാവസ്തു സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും, ശിൽപ്പവേലകൾ, കൊത്തുപണികൾ, അവയെപ്പോലുള്ള മറ്റ് വസ്തുക്കൾ എന്നിവ കാത്തുസൂക്ഷിക്കുന്നതിനും, പുരാവസ്തുവകുപ്പിനെ 1968 -ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 166 സ്മാരകങ്ങൾ പുരാവസ്തുവകുപ്പ് സംരക്ഷിക്കുന്നുണ്ട്. കൂടാതെ വകുപ്പിന്റെ 12 മ്യൂസിയങ്ങളിൽ, പൗരാണികതയുടെ അടയാളങ്ങൾ പേറുന്ന നാണയങ്ങൾ, ശിൽപ്പവേലകൾ, കൊത്തുപണികൾ, സാഹിത്യം, മതം, ആചാരം, രാഷ്ട്രീയം എന്നിവ ചിത്രീകരിക്കുന്ന സാമഗ്രികൾ തുടങ്ങിയവ സൂക്ഷിക്കുന്നുണ്ട്. പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള കൊട്ടാരക്കരത്തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാമ്യൂസിയത്തിൽ കഥകളിയുടെ രൂപഭാവങ്ങൾ പ്രതിഫലിപ്പിക്കുന്ന 9 കഥകളി രൂപങ്ങൾ സൂക്ഷിക്കുന്നുണ്ട്. നെടുമങ്ങാട് കോയിക്കൽ കൊട്ടാരത്തിൽ പഴയകാലത്തെ പല കളികളും, പ്രദർശന രൂപത്തിൽ അലങ്കരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കേരളത്തിന്റെ തനത് സാംസ്കാരിക തനിമകൾ സംരക്ഷിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. കൂടാതെ അന്യം നിന്നു പോകുന്ന പ്രാചീന കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും, ആയതിൽ നൈപുണ്യം നേടിയ കലാകാരന്മാരെ |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്നതിനും, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, ഫോക് ലോർ അക്കാദമി എന്നിവ മുഖാന്തിരം നടപടി സ്വീകരിച്ചുവരുന്നു |
| (ബി) | സാംസ്കാരിക സംഘടനകൾക്കും കലാ -സാംസ്കാരിക പ്രവർത്തകർക്കും നിലവിൽ എപ്രകാരമാണ്, ഗ്രാന്റ് നൽകുന്നത് : | (ബി) | സാംസ്കാരിക സംഘടനകൾക്കും, കലാ സാംസ്കാരിക പ്രവർത്തകർക്കും അവരുടെ യോഗ്യതകൾ പരിശോധിച്ച് ബന്ധപ്പെട്ട അക്കാദമിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി വാർഷിക ആവർത്തന/അനാവർത്തന ഗ്രാന്റുകൾ അനുവദിച്ചു വരുന്നു. |
| (സി) | സാംസ്കാരിക പൈതൃക സംരക്ഷണത്തിനായി ഒരു അതോറിറ്റി രൂപീകരിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

Saradadevi L

സെക്ഷൻ ഓഫീസർ